എ.വൈ.ആർ

ഒരു വിശ്വാസി മറ്റൊരു വിശ്വാസിയിൽ കുറ്റം ആരോപിക്കുമ്പോൾ അയാൾ ആരോപണമുന്നയിക്കുന്നത് തനിക്കെതിരെ തന്നെയാണ്; ആ ആരോപണം അസന്ദിഗ്ധമായി തെളിയിക്കപ്പെടുന്നതുവരെ. കാരണം അയാളെയും മറ്റു വിശ്വാസികളെയും നയിക്കുന്നത് ഒരേ ആദർശ വിശ്വാസങ്ങളാണ്; ഒരേ സ്വത്വമാണ്. ആ നിലക്ക് അവരെല്ലാവരും ഒന്നാണ്.



لَوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنْفُسِهِمْ خَيْرًا وَقَالُوا هَٰذَا إِفْكٌ مُبِينٌ ﴿١٢﴾

**12.** ഈ വാർത്ത കേട്ടമാത്രയിൽ തന്നെ സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും തങ്ങളെക്കുറിച്ച സദ്ഭാവന ഉണരാതിരുന്നതും ഈ കേൾക്കുന്നത് തികച്ചും കെട്ടിച്ചമച്ച അപവാദമാണെന്ന് പറയാതിരുന്നതും എന്തുകൊണ്ട്?

**12**

لَوْلَا إِذْ سَمِعْتُمُوهُ = നിങ്ങൾ എന്തുകൊണ്ട് ഇതു (ഈ വാർത്ത) കേട്ട(മാത്രയിൽ)പ്പോൾ

ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ = സത്യവിശ്വാസികളും വിശ്വാസിനികളും ഭാവിച്ചില്ല (ഭാവനയുണരാതിരുന്നതും)

بِأَنْفُسِهِمْ = അവരെ(തങ്ങളെ)ക്കുറിച്ച് خَيْرًا = നല്ലതിനെ (സദ്) وَقَالُوا = അവർ പറഞ്ഞു (പറയാതിരുന്നതും)

هَٰذَا = ഇത് (ഇക്കേൾക്കുന്നത്) إِفْكٌ مُبِينٌ = തെളിഞ്ഞ (തികച്ചും) കെട്ടിച്ചമച്ച അപവാദമാണ് (എന്ന്)

പ്രവാചകപത്നി ആഇശ(റ)യെക്കുറിച്ചുയർന്ന അപവാദം തികച്ചും കള്ളമാണെന്നും അതു കെട്ടിച്ചമച്ചവർ ശിക്ഷാർഹരായ കുറ്റവാളികളാണെന്നും വ്യക്തമാക്കിയശേഷം സത്യവിശ്വാസികൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട സദ്ഭാവനയെക്കുറിച്ചും പാലിക്കേണ്ട മര്യാദകളെക്കുറിച്ചും ഉണർത്തുകയാണ്. അപവാദങ്ങൾ-അത് സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളിലുള്ളവരെ സംബന്ധിച്ചാണെങ്കിൽ വിശേഷിച്ചും-കേൾക്കാനും പ്രചരിപ്പിക്കാനുമുള്ള വൃത്തികെട്ട ഔൽസുക്യം സാമാന്യജനത്തിന്റെ ദൗർബല്യമാണ്. ഈ ദൗർബല്യത്തെ മുതലെടുത്താണ് ഇക്കാലത്ത് അശ്ലീല-ക്രൈം പ്രസിദ്ധീകരണങ്ങൾ നിലനിൽക്കുന്നത്. സാധാരണ വാർത്താമാധ്യമങ്ങളും പലപ്പോഴും ഈ വഴിയിലേക്ക് തെന്നിപ്പോകാറുണ്ട്. അസഭ്യവാർത്തകളിലുള്ള ആളുകളുടെ ജിജ്ഞാസക്കു പിന്നിൽ നീചവും മ്ലേഛവുമായ ഒരു മനോഭാവം ഒളിഞ്ഞിരിപ്പുണ്ട്. അത്തരം ആഭാസങ്ങൾ ചെയ്യാൻ ഉള്ളിന്റെ ഉള്ളിലുള്ള ആഗ്രഹമാണത്. തങ്ങളേക്കാൾ വലിയവർ അതൊക്കെ ചെയ്യുന്നുവെന്നറിയുന്നത് സ്വന്തം ആഗ്രഹത്തിനു ന്യായീകരണമാകുന്നു. അവസരം കിട്ടിയാൽ ചെയ്യാൻ ധൈര്യപ്പെടുകയും ചെയ്യുന്നു. ഉന്നതരെക്കുറിച്ചുള്ള ആഭാസ വാർത്തകൾ വർധിക്കുംതോറും ഈ മനോഭാവം ശക്തിപ്പെടുന്നു. അതുകൊണ്ടാണ് സമൂഹത്തിൽ തിന്മകളുടെയും അശ്ലീലതയുടെയും വാർത്തകൾ പരത്തുന്നത് ഖുർആൻ ആവർത്തിച്ചു വിലക്കുന്നത്.

ദുഷിച്ച വിചാരങ്ങളിൽനിന്നും വർത്തമാനങ്ങളിൽനിന്നും കർമങ്ങളിൽനിന്നും അകന്നു വർത്തിക്കുന്ന യഥാർഥ സത്യവിശ്വാസിക്ക് സഹവിശ്വാസികൾ തന്നെപ്പോലെ സദ്‌വിചാരമുള്ളവരും സദ്‌വൃത്തരുമാണ്. ഇതാണ് അവരെക്കുറിച്ചുള്ള സദ്ഭാവന- حسن الظّن. താൻ കുറ്റമറ്റവനും മറ്റുള്ളവരെല്ലാം ഏറെ കുറ്റങ്ങളും കുറവുകളുമുള്ളവരുമെന്ന വിചാരം ദുർഭാവന -سوء الظن-യും ആത്മവഞ്ചനയുമാകുന്നു. ഇവിടെ സത്യവിശ്വാസികൾ പരസ്പരം സദ് വിചാരം പുലർത്താതിരുന്നതെന്തുകൊണ്ട് എന്നല്ല; സത്യവിശ്വാസികൾ തങ്ങളെക്കുറിച്ചുതന്നെ- بانفسهم-സദ്‌വിചാരം പുലർത്താതിരുന്നതെന്തുകൊണ്ട് എന്നാണ് ചോദിക്കുന്നത്. ഒരു വിശ്വാസി മറ്റൊരു വിശ്വാസിയിൽ കുറ്റം ആരോപിക്കുമ്പോൾ അയാൾ ആരോപണമുന്നയിക്കുന്നത് തനിക്കെ

തിരെ തന്നെയാണ്; ആ ആരോപണം അസന്ദിഗ്ധമായി തെളിയിക്കപ്പെടുന്നതുവരെ. കാരണം അയാളെയും മറ്റു വിശ്വാസികളെയും നയിക്കുന്നത് ഒരേ ആദർശ വിശ്വാസങ്ങളാണ്; ഒരേ സ്വത്വമാണ്. ആ നിലക്ക് അവരെല്ലാവരും ഒന്നാണ്. ഒരാളുടെ ഗുണങ്ങളും ദോഷങ്ങളും എല്ലാവരും പങ്കുവെക്കുന്നതാണ്. ഒരു വിശ്വാസി ദുഷിച്ച വിചാരങ്ങളിൽനിന്നും കർമങ്ങളിൽനിന്നും മുക്തനായിട്ടില്ലെങ്കിൽ അയാൾ ഈമാനിന്റെ ഗുണങ്ങൾ പൂർണമായി ഉൾക്കൊണ്ടിട്ടില്ല. അത്തരക്കാർക്കേ മറ്റുള്ളവരിലും ആ ദോഷങ്ങളുണ്ടെന്ന് ആരോപിക്കാനാകൂ. അയാൾ തന്നെപ്പോലെ മറ്റുള്ളവരെയും വിചാരിക്കുക സ്വാഭാവികം. ഒരു യഥാർഥ സത്യവിശ്വാസി തന്നെപ്പോലുള്ള മറ്റൊരു വിശ്വാസിയെക്കുറിച്ച് ഗുരുതരമായ അപവാദങ്ങൾ കേൾക്കുമ്പോൾ, അത്തരം നടപടിയിൽനിന്ന് താൻ എത്രമാത്രം മുക്തനാണോ അതുപോലെ മുക്തനായിരിക്കും മറ്റേ വിശ്വാസിയും എന്നാണ് വിചാരിക്കേണ്ടത്. ഇത് തികച്ചും കെട്ടിച്ചമച്ച അപവാദമാകുന്നു എന്നാണ് പറയേണ്ടത്. അവസരം കിട്ടിയാൽ താനും അതൊക്കെ ചെയ്യും എന്ന മനോഭാവമുള്ളവരാണ് കേട്ടപാട് അപവാദങ്ങൾ കൈക്കൊള്ളുകയും കൈമാറാൻ തൽപരരാവുകയും ചെയ്യുക. ഇത് സ്വന്തം നിലവാരത്തിലുള്ള വിശ്വാസികളെക്കുറിച്ചുള്ള ആരോപണത്തിന്റെ കാര്യം. ഇനി അപവാദ വിധേയൻ തന്നേക്കാൾ ഉന്നതനും മഹനീയനുമായ വിശ്വാസിയാണെങ്കിലോ; അപ്പോൾ അവരുടെ സമീപനം എന്തായിരിക്കുമെന്ന് വ്യക്തമാക്കുന്ന ഒരു നിവേദനം ഇബ്നു ഇസ്ഹാഖും ഇബ്നു ജരീറും മറ്റും ഉദ്ധരിച്ചിട്ടുണ്ട്: ഒരിക്കൽ, അബൂ അയ്യൂബിൽ അൻസ്വാരി എന്ന പ്രവാചക ശിഷ്യന്റെ ഭാര്യ അദ്ദേഹത്തോടു പറഞ്ഞു: ''ആളുകൾ ആഇശയെക്കുറിച്ച് പറഞ്ഞു നടക്കുന്നതൊന്നും നിങ്ങൾ കേൾക്കുന്നില്ലേ?'' അബൂ അയ്യൂബ്: ''ഓ, കേൾക്കുന്നുണ്ട്. അതൊക്കെ പെരുംനുണയാണ്. ഉമ്മു അയ്യൂബ്, ആ സ്ഥാനത്ത് നീയായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നുവോ?'' അവർ: ''അല്ലാഹുവാണ, ഒരിക്കലുമില്ല.'' ''എങ്കിൽ നിന്നേക്കാൾ എത്രയോ വിശിഷ്ടയാണ് ആഇശ. ഈ കേൾക്കുന്നതൊക്കെ തനി കള്ളവും കെട്ടിച്ചമച്ച അപവാദവുമാണ്.'' എല്ലാ വിശ്വാസികളും ഈ ആരോപണം കേട്ടമാത്രയിൽ പ്രതികരിക്കേണ്ടതിങ്ങനെയായിരുന്നു. വിശ്വാസിക്ക് തന്നെക്കുറിച്ചുതന്നെ ഉണ്ടായിരിക്കേണ്ട സദ്ഭാവന നിങ്ങളിൽ പലരിൽനിന്നും ഉണ്ടാവാതിരുന്നത് ഒട്ടും ഭൂഷണമായില്ല എന്നാണ് പറയുന്നത്. ■

لَوْلَا جَاءُوا عَلَيْهِ بِأَرْبَعَةِ شُهَدَاءَ ۚ فَإِذْ لَمْ يَأْتُوا بِالشُّهَدَاءِ فَأُولَٰئِكَ عِندَ اللَّهِ هُمُ الْكَاذِبُونَ ﴿١٣﴾

**13.** ആരോപകർ എന്തുകൊണ്ട് ആരോപണം സ്ഥിരപ്പെടുത്തുന്ന നാലു സാക്ഷികളെ കൊണ്ടുവന്നില്ല? സാക്ഷികളെ കൊണ്ടുവന്നിട്ടില്ലാത്തതിനാൽ അല്ലാഹുവിങ്കൽ, അക്കൂട്ടർ പറയുന്നത് കള്ളം തന്നെയാകുന്നു.

**13**

لَوْلَا جَاءُوا = എന്തുകൊണ്ട് അവർ (ആരോപകർ) കൊണ്ടുവന്നില്ല

عَلَيْهِ = അതിന്മേൽ (ആരോപണം സ്ഥിരപ്പെടുത്തുന്ന)

بِأَرْبَعَةِ شُهَدَاءَ = നാലു സാക്ഷികളെ    فَإِذْ لَمْ يَأْتُوا بِالشُّهَدَاءِ = സാക്ഷികളെ കൊണ്ടുവന്നിട്ടില്ലാത്ത(തിനാൽ)പ്പോൾ

فَأُولَٰئِكَ = അക്കൂട്ടർ    عِندَ اللَّهِ = അല്ലാഹുവിങ്കൽ

هُمُ الْكَاذِبُونَ = അവർ തന്നെയാകുന്നു കള്ളം പറയുന്നവർ (അവർ പറയുന്നത് കള്ളം തന്നെയാകുന്നു)

മാന്യന്മാരെക്കുറിച്ച് ആരോപണങ്ങളുയരുമ്പോൾ, അവർ മാന്യന്മാരും മഹാന്മാരും ആയതുകൊണ്ട് മാത്രം വിശ്വാസികൾ അത് കണ്ണും പൂട്ടി തള്ളിക്കളയണമെന്നല്ല കൽപിക്കുന്നത്. ആരോപണങ്ങൾ തെളിയിക്കാനും നടപടിയെടുക്കാനും ചില നിയമങ്ങളും നിബന്ധനകളുമുണ്ട്. വ്യഭിചാരാരോപണം സ്ഥിരപ്പെടുത്തുന്നതിനുള്ള നിയമങ്ങൾ നേരത്തേ 4-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതിൽ പറഞ്ഞതുപ്രകാരം നാലു ദൃക്സാക്ഷികളുണ്ടെങ്കിലേ ആരോപണം സ്ഥിരപ്പെടൂ. ആഇശ(റ)യെക്കുറിച്ച് അപവാദം പറയുന്നവർക്ക് അവർ ആ തെറ്റ് ചെയ്തിരിക്കുന്നു എന്ന് ഉറപ്പുണ്ടെങ്കിൽ നാലു ദൃക്സാക്ഷികളെ ഹാജരാക്കി അത് തെളിയിക്കണം. അങ്ങനെ തെളിയിക്കാൻ ആരും മുന്നോട്ടുവരുന്നില്ല. അതിനർഥം ആരോപണം തികച്ചും നുണയാണെന്നാണ്. അപവാദം പറഞ്ഞ് രസിക്കുന്നവർ തങ്ങൾ സത്യവാന്മാരാണെന്നവകാശപ്പെടുന്നുണ്ടെങ്കിലും അല്ലാഹുവിങ്കൽ അവർ കൊടിയ കള്ളം പറയുന്നവരാണ്. ആഇശ(റ)യും സ്വഫ്വാനും(റ)-മആദല്ലാഹ്-അവിഹിത ബന്ധത്തിലേർപ്പെടുന്നത് ഈ അപവാദ വ്യവസായികളാരും കണ്ടിട്ടില്ല. അത് കണ്ടവരെയും കണ്ടിട്ടില്ല. മുറൈസീഇൽനിന്ന് നബി(സ)യും സംഘവും മടങ്ങുമ്പോൾ, ആഇശ(റ)യും സ്വഫ്വാനും (റ) പിന്തിപ്പോയതു മാത്രമാണവർക്ക് അറിയുന്ന കാര്യം. ആ പിന്തലിന്റെ കാരണം

നിലപാട്. അവര്‍ പിന്തിയത് ദുരുദ്ദേശ്യപൂര്‍വമായിരുന്നുവെങ്കില്‍ സ്വഫ്‌വാന്‍ ആഇശ(റ)യെ സ്വന്തം ഒട്ടകപ്പുറത്തിരുത്തി പട്ടാപ്പകല്‍ പരസ്യമായി താവളത്തിലെത്തിക്കുമായിരുന്നില്ല എന്നു പോലും ചിന്തിക്കാന്‍ അപവാദവ്യവസായികള്‍ തയാറാകുന്നില്ല. ■

അവര്‍ വ്യക്തമാക്കിയിട്ടുണ്ട്. സാഹചര്യവും അവര്‍ രണ്ടുപേരുടെയും ഇതുവരെയുള്ള സ്വഭാവശുദ്ധിയും പരിഗണിക്കുമ്പോള്‍ അവരുടെ വിശദീകരണത്തെ സംശയിക്കേണ്ടതായൊതൊരു കാര്യവുമില്ല. പക്ഷേ, തങ്ങള്‍ക്ക് സംഭവിച്ചതെന്താണെന്ന് അവര്‍ പറയുന്നതല്ല; പ്രത്യുത ഞങ്ങള്‍ അനുമാനിക്കുന്നതാണ് സത്യം എന്നാണ് അപവാദക്കാരുടെ

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ فِي الدُّنْيَا وَالْآخِرَةِ لَمَسَّكُمْ فِي مَا أَفَضْتُمْ فِيهِ عَذَابٌ عَظِيمٌ ﴿١٤﴾

**14.** അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ലഭിച്ചിരുന്നില്ലെങ്കില്‍ ഈ അപവാദത്തിലേര്‍പ്പെട്ടതിന് ഇഹത്തിലും പരത്തിലും നിങ്ങളെ ഭയങ്കരമായ ശിക്ഷ ബാധിക്കുമായിരുന്നു.

**14**

وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ = നിങ്ങ(ള്‍ക്ക്)ളുടെ മേല്‍ അല്ലാഹുവിന്റെ അനുഗ്രഹം (ലഭിച്ചിട്ട്) ഇല്ലായിരുന്നുവെങ്കില്‍

وَرَحْمَتُهُ = അവന്റെ കാരുണ്യവും   فِي الدُّنْيَا وَالْآخِرَةِ = ഇഹത്തിലും പരത്തിലും

لَمَسَّكُمْ = തീര്‍ച്ചയായും നിങ്ങളെ സ്പര്‍ശിച്ചു (ബാധിക്കുമായിരുന്നു)

فِي مَا أَفَضْتُمْ فِيهِ = നിങ്ങള്‍ ചര്‍ച്ച ചെയ്തതിന് (ഈ അപവാദത്തില്‍ ഏര്‍പ്പെട്ടതിന്)   عَذَابٌ عَظِيمٌ = ഭയങ്കരമായ ശിക്ഷ

افاض യുടെ മധ്യമ പുരുഷ ബഹുവചനമാണ് افضتم. നിറഞ്ഞുകവിഞ്ഞു, ചൊരിഞ്ഞു, വിസ്തരിച്ചു, വിപുലീകരിച്ചു എന്നൊക്കെയാണ് افاض യുടെ അര്‍ഥം. أَفَضْتُمْ فِيهِ എന്നതിലെ 'ه' എന്ന സര്‍വനാമം കുറിക്കുന്നത് അപവാദ കഥ- حديث الافك -യാണ്. ഒരു കാര്യം വിപുലമായി ചര്‍ച്ച ചെയ്യുന്നതിനും അതിനെ സ്വന്തമായ പൊടിപ്പും തൊങ്ങലും നിഗമനങ്ങളും ചേര്‍ത്ത് വിപുലീകരിക്കുന്നതിനും വിസ്തരിച്ചു പ്രതിപാദിക്കുന്നതിനും افاض الحديث എന്നു പറയും. 10-ാം സൂക്തത്തിനു ശേഷം ഈ സൂക്തം വീണ്ടും വിശ്വാസികളെ ഉണര്‍ത്തുകയാണ്: അപവാദ വിഷയത്തില്‍ സ്വീകരിച്ച സമീപനത്തിലൂടെ യഥാര്‍ഥത്തില്‍ നിങ്ങള്‍ ഒരു മഹാ വിപത്ത് വിളിച്ചുവരുത്തുകയായിരുന്നു. പക്ഷേ നിങ്ങളോടുള്ള അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മൂലം അവന്‍ വിട്ടുവീഴ്ചയരുളിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹകാരുണ്യങ്ങള്‍ മനസ്സിലാക്കുവിന്‍. ഇനിയും ഇത്തരം കുഴപ്പങ്ങളില്‍ ചെന്നു ചാടി ശിക്ഷാര്‍ഹരായിത്തീരാതിരിക്കുവിന്‍.

ഈ സൂക്തം സംബോധന ചെയ്യുന്നത് മുഴുവന്‍ മുസ്‌ലിം സമൂഹത്തെയുമാണ്. അപവാദം പ്രചരിപ്പിക്കുന്നവരും അത് പ്രചരിക്കുന്നത് കാര്യമാക്കാതിരുന്നവരും വാസ്തവത്തില്‍ ആ സമൂഹത്തില്‍ കുറവായിരുന്നു. എന്നിട്ടും ഈ താക്കീത് മുഴുവന്‍ സമൂഹത്തെയും സംബോധന ചെയ്യുന്നതിന്റെ ന്യായമിതാണ്: ആഇശ(റ)ക്കെതിരെ ഉയര്‍ന്നതുപോലുള്ള പ്രമാദമായ അപവാദങ്ങള്‍ മഹാമാരി പോലെയാണ്. അതിന്റെ അണുക്കള്‍ ഏതാനും ചിലരുടെ അകത്തളങ്ങളില്‍ ഉളവായാല്‍ മതി, അത് അതിശീഘ്രം സമുദായത്തിലാകെ പടര്‍ന്നു പിടിക്കാന്‍. അതിനാല്‍ ഈ വ്യാധിയെക്കുറിച്ച് എല്ലാവരും ജാഗ്രത പുലര്‍ത്തേണ്ടതുണ്ട്. സമൂഹം സാന്മാര്‍ഗികമായും സാംസ്കാരികമായും മലീമസമാവുകയും കയററ്റ ചങ്ങാടം പോലെ ശിഥിലമായിത്തീരുകയുമാണ് ഭൗതികമായ ശിക്ഷ. അതിനേക്കാള്‍ ഘോരമായ നരകവാസമാണ് പരലോകശിക്ഷ.

വ്യാജമായ വ്യഭിചാരാരോപണത്തിന് ഈ ലോകത്ത് നിര്‍ദേശിക്കപ്പെട്ട ശിക്ഷയും ഐഹിക ശിക്ഷയില്‍ പെടുന്നു. ആഇശ(റ)-സ്വഫ്‌വാന്‍(റ) കേസില്‍ ആരോപകര്‍ ശിക്ഷിക്കപ്പെട്ടതായി സ്ഥിരപ്പെട്ടിട്ടില്ല. ഇതൊരപവാദമായി നാട്ടില്‍ പരന്നുവെങ്കിലും ആരും കുറ്റാരോപണവുമായി നബി(സ)യുടെ മുന്നില്‍ വന്നിട്ടില്ല. തങ്ങളെക്കുറിച്ച് അപവാദം പ്രചരിപ്പിച്ചവരെ ശിക്ഷിക്കണമെന്ന് ആഇശ(റ)യോ സ്വഫ്‌വാനോ(റ) ആവശ്യപ്പെട്ടതായും കാണുന്നില്ല. അല്ലാഹുവിന്റെ കാരുണ്യത്താല്‍ ഈ കേസില്‍ ആരും വ്യഭിചാരാരോപണ ശിക്ഷക്ക് വിധേയരാവാന്‍ ഇടയായിട്ടില്ല എന്നാണ് ഒരു വിഭാഗം ഫുഖഹാഇന്റെ നിലപാട്. എന്നാല്‍ തിര്‍മിദി ഉദ്ധരിച്ച നിവേദനത്തില്‍, നബി(സ) ഈ കേസില്‍ രണ്ട് പുരുഷന്മാരെയും ഒരു സ്ത്രീയെയും ശിക്ഷിച്ചുവെന്നും അവര്‍ ഹസ്സാനുബ്നു സാബിതും മിസ്ത്വഹുബ്നു ഉസാസയും ഹംന ബിന്‍ത് ജഹ്ശും ആയിരുന്നുവെന്നും പറയുന്നുണ്ട്. അബ്ദുല്ലാഹിബ്നു ഉബയ്യും

എൺപത് അടിക്ക് വിധേയനായതായി ഇബ്നു അബ്ബാസ് പറഞ്ഞിട്ടുണ്ടെന്ന് ഖുശൈരി ഉദ്ധരിച്ചിരിക്കുന്നു. മറ്റു നിവേദനങ്ങളിൽ ഇബ്നു ഉബയ്യിന്റെ പേരില്ല. ശിക്ഷിക്കപ്പെട്ടുവെന്ന് പറയപ്പെടുന്നത് അപവാദത്തിൽ പങ്കെടുത്ത, വിശ്വാസികളിൽ പ്രമുഖരായ ചിലരാണ്. ഇത്രത്തോളം പ്രമുഖരല്ലാത്ത ചില വിശ്വാസികളും കപടവിശ്വാസികൾ പൊതുവിലും അപവാദ പ്രചാരണത്തിൽ പങ്കെടുത്തിട്ടുണ്ടെന്നാണ് പൊതു നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നത്. അതിൽ ഏതാനും ചിലർ മാത്രം ശിക്ഷിക്കപ്പെട്ടുവെന്ന് കരുതുന്നതിൽ അസാംഗത്യമുണ്ട്. ■

إِذْ تَلَقَّوْنَهُ بِأَلْسِنَتِكُمْ وَتَقُولُونَ بِأَفْوَاهِكُمْ مَا لَيْسَ لَكُمْ بِهِ عِلْمٌ وَتَحْسَبُونَهُ هَيِّنًا وَهُوَ عِندَ اللَّهِ عَظِيمٌ ﴿١٥﴾

**15.** നാക്കിൽനിന്ന് നാക്കിലേക്ക് അപവാദം പകർന്നുകൊണ്ടിരിക്കുകയും നിങ്ങൾ ഒട്ടും അറിഞ്ഞിട്ടില്ലാത്ത കാര്യം സ്വന്തം വായ് കൊണ്ട് ജൽപിച്ചുകൊണ്ടിരിക്കുകയും അത് നിസ്സാരമെന്ന് ഭാവിക്കുകയും ചെയ്തപ്പോൾ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങൾ ചെയ്തുകൊണ്ടിരുന്നത് മഹാ പാപം തന്നെയായിരുന്നു.

**15**

إِذْ تَلَقَّوْنَهُ = നിങ്ങൾ അതു സ്വീകരിച്ചപ്പോൾ (പകർന്നുകൊണ്ടിരിക്കുകയും)

بِأَلْسِنَتِكُمْ = നിങ്ങളുടെ നാവുകൾകൊണ്ട് (നാക്കിൽനിന്ന് നാക്കിലേക്ക്)

بِأَفْوَاهِكُمْ = നിങ്ങളുടെ (സ്വന്തം) വായ് കൊണ്ട്

وَتَقُولُونَ = നിങ്ങൾ പറയുകയും ചെയ്തപ്പോൾ (ജൽപിച്ചുകൊണ്ടിരിക്കുകയും)

مَا لَيْسَ لَكُمْ بِهِ عِلْمٌ = നിങ്ങൾക്ക് വിവരമില്ലാത്തത് (ഒട്ടും അറിഞ്ഞിട്ടില്ലാത്ത കാര്യം)

وَتَحْسَبُونَهُ = നിങ്ങൾ അതിനെ ഭാവിക്കുകയും (ചെയ്തപ്പോൾ) هَيِّنًا = നിസ്സാര(മെന്ന്)മായി وَهُوَ = അത്

عِندَ اللَّهِ = അല്ലാഹുവിങ്കൽ (അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്)

عَظِيمٌ = വണ്ണമായത് (മഹാ പാപം തന്നെ) ആയിരുന്നു

تَتَلَقَّوْنَهُ എന്നതിലെ ഒരു *താഅ്* ( تاء ) അനുക്തമാക്കിയതാണ് تَلَقَّوْنَهُ . മനഃപൂർവം മറ്റൊന്നുമായി സംഗമിക്കുകയാണ് اِلتِقَاء . പിന്നീടത് മറ്റൊന്നിൽനിന്ന് സ്വീകരിക്കുക എന്ന അർഥത്തിൽ ഉപയോഗിക്കപ്പെട്ടു. നിങ്ങൾ അതിനെ നാവു കൊണ്ട് സ്വീകരിക്കുമ്പോൾ എന്നാണ് إِذْ تَلَقَّوْنَهُ بِأَلْسِنَتِكُمْ എന്ന വാചകത്തിന്റെ അർഥം. കേട്ടുകേൾവികൾ അതേപടി കൈക്കൊള്ളുകയും എന്നിട്ട്, നേരിട്ട് കാണുകയോ അറിയുകയോ ചെയ്യാത്ത കാര്യം പറഞ്ഞു പ്രചരിപ്പിക്കുകയും, وَتَقُولُونَ بِأَفْوَاهِكُمْ مَا لَيْسَ لَكُمْ بِهِ عِلْمٌ. അതൊരു നിസ്സാര കാര്യമാണെന്നു കരുതുകയും ചെയ്യുക- وَتَحْسَبُونَهُ هَيِّنًا . വാർത്തകൾ കേൾക്കുന്നത് ചെവി കൊണ്ടാണല്ലോ. ഇവിടെ നാവു കൊണ്ട് സ്വീകരിച്ചു എന്നു പറഞ്ഞത്, കേട്ടു മനസ്സിലാക്കി, യാഥാർഥ്യത്തെക്കുറിച്ച് ആലോചിക്കാതെ പറഞ്ഞു പ്രചരിപ്പിക്കാൻ വേണ്ടി മാത്രം കേൾക്കുക എന്ന ആശയത്തിന്റെ ആലങ്കാരികാവതരണമാണ്. ഇത്തരം ഗുരുതരമായ വർത്തമാനങ്ങൾ നാവുകളിൽനിന്ന് നാവുകളിലേക്ക് പകർന്നുകൊണ്ടിരിക്കുന്നത് ആളുകളെ അപമാനിക്കുന്നതും അപവദിക്കുന്നതും നിസ്സാരവും ലളിതവുമായ സംഗതിയാണെന്ന് വിചാരിക്കുന്നതുകൊണ്ടാണ്. ന്യായം കൊണ്ടും നേരു കൊണ്ടും ശക്തി കൊണ്ടും നേർക്കു നേരെ നേരിടാൻ കഴിയാത്തവരെ അപവാദം കൊണ്ടും ചതികൾ കൊണ്ടും തോൽപിക്കാൻ ശ്രമിക്കുക ജാഹിലിയ്യാ സ്വഭാവമാണ്. അത് അത്ര ഗൗരവമുള്ള കാര്യമായി അവർ കണ്ടിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ ദാസന്മാരുടെ അഭിമാനം അവരുടെ ജീവനും ധനവും പോലെ തന്നെ പ്രധാനമാണ്. അതിനെതിരിലുള്ള അക്രമം കൊടിയ പാപവുമാണ്. ■